# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 328

09/04/2013-ൽ
മറുപടിയ്ക്ക്

**<u>സ്കോളർ സപ്പോർട്ട് പ്രോഗ്രാം</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. കെ.അച്ചുതൻ :<br>ശ്രീ. വി.പി.സജീന്ദ്രൻ :<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കോളർ സപ്പോർട്ട് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ; | (എ) ആധുനിക വാണിജ്യ വ്യവസായ മേഖലകളിൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾക്കുവേണ്ടി വിദ്യാസമ്പന്നരായ ഒരു തലമുറയെ വാർത്തെടുക്കുന്നതിലേക്കായി സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാം. ബൗദ്ധികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികൾക്ക് ഏറ്റവും പ്രയാസമേറിയതും, കൂടുതൽ കുട്ടികൾ തോൽക്കാൻ സാധ്യതയുള്ളതുമായ വിഷയങ്ങളിൽ പ്രത്യേകമായി കോച്ചിംഗ് നൽകി ഗഹനവും പഠിക്കാൻ ബുദ്ധിമുട്ടുള്ളതുമായ വിഷയങ്ങളിൽ കൂടുതൽ അവഗാഹം ഉണ്ടാക്കിയെടുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഇതുവഴി ഈ വിഭാഗം വിദ്യാർത്ഥികൾക്കിടയിൽ കൂടുതൽ വിജയശതമാനം ഉണ്ടാക്കിയെടുക്കാൻ കഴിയുന്നു. |
| (ബി) ഏതെല്ലാം വിദ്യാർത്ഥികളെയാണ് ഈ പ്രോഗ്രാമിന്റെ കീഴിൽ കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) യോഗ്യതാ പരീക്ഷയിൽ ഓരോ സെമസ്റ്ററിനും 60% മാർക്കിന് താഴെ വാങ്ങിയ വിദ്യാർത്ഥികളെയാണ് ഈ പ്രോഗ്രാമിനു കീഴിൽ കൊണ്ടുവരുന്നത്. കൂടുതൽ കുട്ടികൾ തോൽക്കാൻ സാദ്ധ്യതയുള്ളതും വളരെ വിഷമം പിടിച്ചതുമായ വിഷയങ്ങളിൽ പ്രത്യേക കോച്ചിംഗ് നൽകി ബൗദ്ധികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗത്തിലുമുള്ള കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| (സി) | വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായവും ബോധനസാമഗ്രികളുമാണ് ഈ പ്രോഗ്രാമനുസരിച്ച് നൽകുന്നത് ; വിശദമാക്കാമോ; | (സി) | ബിരുദതലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരായവരെ ഉപയോഗിച്ചുകൊണ്ട് പഠനവിഷയങ്ങളിൽ സമയബന്ധിതമായി പ്രത്യേക ക്ലാസുകൾ നൽകുക, ചോദ്യപേപ്പറുകൾ, വ്യക്തിഗത പരിശീലനം, വിശേഷാലുള്ള അദ്ധ്യാപന സൗകര്യം തുടങ്ങിയവ നൽകുക എന്നതാണ് ഈ പ്രോഗ്രാമിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നത്. |
| (ഡി) | ഏത് അദ്ധ്യയന വർഷം മുതലാണ് ഈ പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ? | (ഡി) | 2012-13 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് / പോളിടെക്നിക്ക് കോളേജുകൾ, കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ കോളേജുകൾ എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ